# II. അടിയന്തിരപ്രമേയം

## കൊട്ടിയം പെൺവാണിഭക്കേസിലെ ഷൈനിയുടെ കൊലപാതകം

മി. സ്പീക്കർ: കൊട്ടിയം പെൺവാണിഭക്കേസിൽ പീഡനത്തിനിരയായ 14 വയസ്സുകാരിയായ ഷൈനിയെ ഇന്നലെ ഉച്ചയ്ക്ക് വീട്ടിനകത്ത് കൊല ചെയ്യപ്പെട്ട നിലയിൽ കണ്ടെത്തിയതിനെത്തുടർന്ന് ആ പ്രദേശത്തും പരിസര

9.30 a.m.] പ്രദേശങ്ങളിലും ഉളവായിരിക്കുന്ന അത്യന്തം സംഭ്രമജനകമായ വിഷയം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, സി. കെ. നാണു, പി. സി. ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കൊട്ടിയം കണ്ണനല്ലൂർ ചേരിയിൽ കളീലഴികത്തു വീട്ടിൽ ലീല മകൾ മേരി ഷൈനി (16 വയസ്) അവരുടെ വീട്ടിലെ അടുക്കള മുറിയിൽ മരിച്ചു കിടക്കുന്നതായി 31-1-2005 ഉച്ചയ്ക്ക് മൂന്ന് മണിയോടുകൂടി കാണപ്പെട്ടു. ഷൈനിയുടെ കഴുത്തിൽ ഒരു ഷാൾ കൊണ്ട് ചുറ്റി വരിഞ്ഞുമുറുക്കിയ നിലയിലാണ് കണ്ടത്. ഇന്ത്യൻ ശിക്ഷാ നിയമം 302-ാം വകുപ്പനുസരിച്ച് കൊട്ടിയം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് മഹസ്സർ റിപ്പോർട്ട് തയ്യാറാക്കുകയും വിരലടയാള വിദഗ്ദ്ധന്മാർ, സയന്റിഫിക് എക്സ്പെർട്ട് എന്നിവരെ വരുത്തി തെളിവുകൾ ശേഖരിക്കുകയും പോലീസ് നായയുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിക്കുകയും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ കേസന്വേഷണത്തിനായി നിയോഗിക്കുകയും ചെയ്തു. 2004 ഏപ്രിൽ മാസം കൊല്ലം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വച്ച് ഷൈനി പീഡിപ്പിക്കപ്പെട്ടതായി പരാതിപ്പെട്ടതിനെത്തുടർന്ന് കൊട്ടിയം പോലീസ് സ്റ്റേഷനിൽ 24 പേർക്കെതിരെ ക്രൈം 197/2004-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അതിൽ 20 പ്രതികളെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്. ഇനി നാല് പ്രതികളെ കിട്ടാനുണ്ട്. അതിന്റെ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ട്. കേസന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പ്രതിയെപ്പറ്റി ചില സൂചനകൾ ലഭിച്ചിട്ടുണ്ട്; ഉടനെ തന്നെ അറസ്റ്റ് ചെയ്യുന്നതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കേസിനാസ്പദമായ സംഭവം നടന്ന് ഒരു വർഷം തികയാറായിട്ടുള്ള ഈ സന്ദർഭത്തിൽപ്പോലും കുറ്റപത്രം സമർപ്പിക്കാൻ സാധിച്ചിട്ടില്ല എന്ന് അങ്ങയുടെ മറുപടിയിൽ പറയുകയുണ്ടായി. ഇത് അങ്ങേയറ്റം അപമാനകരവും ലജ്ജാകരവുമാണ്. ബാലികയായ ഷൈനി എന്നു പറയുന്ന 9-ാം ക്ലാസ്സുകാരിയെ മാസങ്ങളോളം കൊണ്ടുനടന്ന് പലർക്കും കാഴ്ച വയ്ക്കുകയും പീഡിപ്പിക്കുകയും ചെയ്ത കേസിനെ സംബന്ധിച്ച് നാല് പേരെ ഇനിയും പിടിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചിട്ടില്ല എന്ന് ഈ സഭയിൽ പറയേണ്ടിവന്ന അങ്ങയുടെ സ്ഥിതിയെ കുറിച്ചോർത്ത് ഞാൻ ദുഃഖിക്കുകയാണ്. കോളിളക്കം സൃഷ്ടിച്ചതും പ്രമാദവുമായ കൊട്ടിയം പെൺവാണിഭക്കേസിൽ പീഡനത്തിനിരയായ 14 വയസ്സുള്ള പെൺകുട്ടിയെ ഇവിടെ 16 വയസ്സുകാരി എന്നു പറയുകയുണ്ടായി. അത് എന്തുദ്ദേശത്തിലാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. 9-ാം ക്ലാസ്സിൽ പഠിക്കുന്ന 14 വയസ്സുകാരിയായ ഷൈനി പീഡിപ്പിക്കപ്പെടുമ്പോൾ 13 വയസ്സുമാത്രം പ്രായമുള്ള ഒരു പെൺകുട്ടിയായിരുന്നു. തന്റെ വീട്ടിനകത്ത് അതിദാരുണമായ വിധത്തിൽ കൊലചെയ്യപ്പെട്ടതായിട്ടാണ് കണ്ടത്. ഉന്നതരായ വ്യവസായ പ്രമുഖരടക്കമുള്ള പെൺവാണിഭ സംഘത്തിന്റെ പിടിയിൽ ദിവസങ്ങളോളം ഈ പെൺകുട്ടി അകപ്പെടുകയായിരുന്നു. ദരിദ്ര കുടുംബത്തിൽപ്പെട്ട ഈ പെൺകുട്ടിയെ സ്വാധീനിച്ചുകൊണ്ടുപോകാൻ ഈ ഭീകര സംഘത്തിനു കഴിഞ്ഞതിൽ തെല്ലും അത്ഭുതപ്പെടാനില്ല. കേരളം കൊടും ക്രിമിനലുകളുടേയും അവർ നേതൃത്വം കൊടുക്കുന്ന പെൺവാണിഭ സംഘത്തിന്റേയും പിടിയിലമർന്നിരിക്കുകയാണ്. അത്യുന്നത സ്ഥാനത്തിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ ഈ സംഘത്തിലെ കണ്ണികളാണ്. പെൺകുട്ടികളോട് അതിക്രമം കാണിക്കുന്നവരുടെ എണ്ണം ലജ്ജാകരമായ വിധത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നകേസ്സുകളിൽ പോലീസുകാരും ഉൾപ്പെട്ടിട്ടുണ്ടെന്ന് പല കേസുകളിലും ഈയിടെ കാണാൻ കഴിഞ്ഞിട്ടുണ്ട്. വേലി തന്നെ വിളവു തിന്നുകയല്ലേ? ഭീകരമായ, പേടിപ്പെടുത്തുന്ന ഒരന്തരീക്ഷം ഈ ഗവൺമെന്റിന്റെ കീഴിൽ ഉണ്ടായിരിക്കുന്നു എന്ന വസ്തുത അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ? ഈ ഗവൺമെന്റിന്റെ സംരക്ഷണത്തിന്റെ സുഖശീതളമായ തണൽ ഈ ക്രിമിനലുകൾക്കും സംഘങ്ങൾക്കും യഥേഷ്ടം ലഭിക്കുന്നു എന്നത് അംഗീകരിക്കപ്പെട്ടു കഴിഞ്ഞ ഒരു വസ്തുതയാണ്. ലോകജനതയുടെ മുമ്പിൽ കേരളത്തിന്റെ പദവിയും സാംസ്ക്കാരിക മൂല്യവും ഇടിഞ്ഞു വീഴുന്നതു ഭരണ കക്ഷിയിൽപ്പെട്ടവർ കാണുന്നില്ലേ? ഒരു വർഷം കഴിയാറായിട്ടും രജിസ്റ്റർ ചെയ്യപ്പെട്ട ഈ കേസ്സിലെ മുഴുവൻ പേരേയും പിടിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ആരെയെങ്കിലും സംരക്ഷിച്ചു നിർത്തുന്നതു കൊണ്ടാണോ ഒരു വർഷം തികയാറായിട്ടും റിമാൻഡു ചെയ്യാൻ സാധിക്കാത്തത്? അങ്ങു തുറന്നു പറയണം. ഇതാരുടെ പരാജയമാണ്? ആഭ്യന്തര വകുപ്പ് കയ്യാളുന്ന മുഖ്യമന്ത്രിക്ക് ഇത്തരം സംഭവങ്ങളിലുണ്ടാകുന്ന അലസതയെക്കുറിച്ച് മറുപടി പറയാൻ കഴിയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെ സംബന്ധിച്ച് വ്യക്തമായി മറുപടി നൽകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പെൺകുട്ടിയുടെ മൊഴി മജിസ്ട്രേട്ടിന്റെ മുമ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം മുമ്പ് ഈ സംഭവം നടന്ന സന്ദർഭത്തിൽത്തന്നെ മജിസ്ട്രേട്ടിന്റെ മുമ്പിൽ ആ കുട്ടി പോയ സ്ഥലങ്ങളും അറിയാവുന്നവരുടെ പേരുകളും പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. 20 പേരെ മാത്രമാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. നിഷ്ക്കളങ്കയായ ആ പെൺകുട്ടി എല്ലാ സംഭവങ്ങളും തുറന്നു പറഞ്ഞിട്ടും കേസ് കൈകാര്യം ചെയ്യാൻ എന്തിനാണ് ഈ അമാന്തം? ആരെയാണ് അങ്ങേയ്ക്ക് രക്ഷപ്പെടുത്തേണ്ടത്? ഞങ്ങൾക്കാർക്കും അതു മനസ്സിലാകുന്നില്ല. സാമൂഹ്യ സാഹചര്യങ്ങളുടേയും, പട്ടിണിയുടേയും, സമ്മർദ്ദത്തിന്റേയും ഫലമായി കാഴ്ചവെയ്ക്കപ്പെടുകയും, വിൽക്കപ്പെടുകയും ചെയ്ത 9-ാം ക്ലാസ്സിൽ പഠിക്കുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

പെൺകുട്ടിക്കു സംരക്ഷണം കൊടുക്കാൻ അങ്ങേയ്ക്കു കഴിഞ്ഞോ? ഉന്നതന്മാർക്കു ബന്ധമുള്ള ഇത്തരം പ്രമാദമായ കേസ്സുകളിലെ മുഖ്യസാക്ഷികൾ ഏതു സന്ദർഭത്തിലും കൊലചെയ്യപ്പെട്ടുപോകുമെന്ന കാര്യം അങ്ങേയ്ക്ക് അറിയാത്തതാണോ? എന്ത് സംരക്ഷണമാണ് ആ പെൺകുട്ടിയുടെ ജീവൻ നിലനിർത്താൻ അങ്ങ് നൽകിയത്? അങ്ങയുടെ ഗവൺമെന്റ് സംരക്ഷണം കൊടുക്കുന്നത് ആർക്കാണെന്ന് കേരളീയർക്കറിയാം. സംരക്ഷണം നൽകികൊണ്ടിരിക്കുന്നത് പെൺവാണിഭ സംഘങ്ങൾക്കാണ്; അതിലുള്ള വീരന്മാർക്കാണ്. അതിനു സഹായികളായി നിൽക്കുന്ന പോലീസുകാർക്ക് വലിയ തോതിലുള്ള സംരക്ഷണവും അവാർഡുകളും കൊടുക്കുകയല്ലേ? ഷൈനി എന്നു പറയുന്ന ഈ പെൺകുട്ടിയുടേയും വയസ്സ് തിരുത്താൻ പോലീസുകാരിൽ ആരെയെങ്കിലും ഏൽപ്പിച്ചിട്ടുണ്ടോ എന്നു ഞാൻ ബലമായി സംശയിക്കുകയാണ്. പീഡനത്തിനു വിധേയരായ പെൺകുട്ടികൾ ഓരോരുത്തരേയും യു.ഡി. എഫ്. ഗവൺമെന്റ് കൊലപ്പെടുത്തിക്കൊണ്ടിരിക്കുന്നു. തോപ്പുംപടി, മട്ടാഞ്ചേരി പെൺവാണിഭക്കേസിലെ പെൺകുട്ടിയുടെ വയസ്സ് തിരുത്തിയ പ്രശ്നം പുറത്തായി. കിളിരൂർ കേസിലെ പെൺകുട്ടിയുടെ വയസ്സ് തിരുത്തിയതു കേരളാ ഹൈക്കോടതിയുടെ അതിനിശിതമായ വിമർശനത്തിനു വിധേയമായി. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് തങ്ങളുടെ മുഖം രക്ഷിക്കാനും ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുംവേണ്ടി വയസ്സ് തിരുത്തിയ സർക്കിൾ ഇൻസ്പെക്ടർക്ക് സസ്പെൻഷൻ നൽകുകയും ചെയ്തു. അത് എന്തിനുവേണ്ടി? ജനങ്ങളുടെ കണ്ണിൽ പൊടിയിടാനും താൽക്കാലികമായി ഒരു മറയിടുന്നതിനും തങ്ങളുടെ മുഖം രക്ഷിക്കുന്നതിനും വേണ്ടിയുള്ള ഒരു നടപടിയായിരുന്നു. മാസങ്ങൾ കഴിയുന്നതിനുമുമ്പ് റിപ്പബ്ലിക് ദിനത്തിൽ റിവാർഡ് കൊടുക്കുന്നതുപോലെ, വയസ്സ് തിരുത്തിയ സർക്കിൾ ഇൻസ്പെക്ടറെ തലസ്ഥാന നഗരിയിൽ റീ-ഇൻസ്റ്റേറ്റ് ചെയ്തുകൊണ്ട് നിയമന ഉത്തരവു നൽകി. ഇതെല്ലാം ആർക്കുവേണ്ടിയായിരുന്നു? അപമാനം കൊണ്ട് കേരളീയ സമൂഹം തലകുനിക്കുകയാണ്. അങ്ങ് ആഭ്യന്തര വകുപ്പ് കയ്യാളുന്ന മന്ത്രിയല്ലേ? വയസ്സ് തിരുത്തി 19 ആക്കാൻ സർക്കിൾ ഇൻസ്പെക്ടർക്ക് നിർദ്ദേശം കൊടുത്തത് ആരാണ്? അക്കാര്യം അങ്ങ് അന്വേഷിച്ചോ? കിളിരൂർ കേസിലെ പെൺകുട്ടിയെ കൊലയ്ക്കു കൊടുത്തില്ലേ? ആശുപത്രിയിലെ രണ്ടുമാസത്തെ ചികിത്സയെക്കുറിച്ച് ഒരു അന്വേഷണം ഗൗരവമായി നടത്താൻ അങ്ങേയ്ക്കു കഴിയുമായിരുന്നല്ലോ? ജനങ്ങളെ തൽക്കാലം തൃപ്തിപ്പെടുത്താൻ വേണ്ടിയെങ്കിലും അന്വേഷണം നടത്തുമായിരുന്നോ? ലതാനായരെ ചോദ്യം ചെയ്യാൻ എന്തിനാണ് അറച്ചു നിൽക്കുന്നത്? കുറ്റവാളികളെ ഈ ഗവൺമെന്റ് സംരക്ഷിച്ചു നിർത്തുകയാണ്. സൂര്യനെല്ലിക്കേസിലും പ്രതികളായിട്ടുള്ളവർ കുറ്റവാളികളായി മുദ്രകുത്തപ്പെട്ടവരാണ്. ഹൈക്കോടതി വിധിയിലൂടെ അവർ രക്ഷപ്പെട്ട് പുറത്തുവന്നു. ആ കേസിനെതിരെ അപ്പീൽ പോകാൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സുചിന്തിതമായി തീരുമാനമെടുക്കാൻ ഇനി എത്ര ദിവസം വേണമെന്നു പറയാൻ കഴിയുമോ? അപ്പീൽ പോകാൻ അങ്ങ് തയ്യാറല്ല. ജേക്കബ് സ്റ്റീഫൻ ഉൾപ്പെടെയുള്ളവരെ സംരക്ഷിക്കാനാണ് ഭാവമെങ്കിൽ അക്കാര്യം അങ്ങ് സഭയിൽ തുറന്നു പറയണം. കേരളത്തിലെ പെൺമക്കളുള്ള അമ്മമാർ കടുത്ത ഭീതിയിലും ഉൽക്കണ്ഠയിലുമാണ്. ഏതു നിമിഷവും പെൺവാണിഭ സംഘത്തിന്റെ പിടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

തങ്ങളുടെ പെൺകുട്ടികൾ അകപ്പെട്ടുപോകുമോ എന്ന് അമ്മമാർ ശങ്കിക്കുന്നു. അത്രയേറെ വൃത്തികെട്ട സംഘങ്ങൾ പെരുകിക്കൊണ്ടിരിക്കുകയാണ്. അവരെ നിലയ്ക്കു നിർത്താൻ ഈ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? ജുഡീഷ്യറിയും എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും ഒരുപോലെ ജനവിരുദ്ധവും സ്ത്രീ വിരുദ്ധവുമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കുന്ന ഈ സാഹചര്യം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ കേരളത്തിൽ സൃഷ്ടിക്കും. ഷൈനി കൊലപാതകം ഒരു ഒറ്റപ്പെട്ട സംഭവമല്ലെന്ന് അങ്ങേയ്ക്കറിയാം. അതു ഗുരുതരമായി വളർന്നുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യ വിപത്താണെന്നു മനസ്സിലാക്കി ഇത്തരം കേസ്സുകളിൽ മുഖ്യമന്ത്രി സത്വര നടപടികൾ സ്വീകരിക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിദാരുണവും ഭീകരവുമായ ഈ സംഭവത്തെ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. എ. അസീസ്: സർ, എന്റെ നിയോജകമണ്ഡലത്തെ.....

മി. സ്പീക്കർ: വാക്കൗട്ട് നടത്തുന്നില്ലെങ്കിൽ സമയം അനുവദിക്കും. വാക്കൗട്ട് നടത്തുന്നില്ലെന്ന അടിസ്ഥാനത്തിൽ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന മെമ്പറെന്ന നിലയിൽ ഒരു മിനിറ്റ് അവസരം കൊടുക്കും.

ശ്രീ. എ. എ. അസീസ്: ഇരവിപുരം നിയോജകമണ്ഡലത്തിൽപ്പെട്ട കണ്ണനല്ലൂർ എൽ.പി. സ്കൂളിനു സമീപം താമസിക്കുന്ന 14 വയസ്സുള്ള ഷൈനി എന്ന പെൺകുട്ടിയെ വീട്ടിനുള്ളിൽ കൊല്ലപ്പെട്ട നിലയിലാണ് കണ്ടത്. തികച്ചും ഇതൊരു കൊലപാതകമാണ്. ഈ കേസിന് ആസ്പദമായ 24 പേരിൽ 20 പേരെ മാത്രമേ അറസ്റ്റ് ചെയ്തിരുന്നുള്ളൂ. ആ 20 പേരും ഇപ്പോൾ ജാമ്യത്തിൽ നിൽക്കുകയാണ്. നാല്പേരെ ഒരു വർഷക്കാലമായിട്ടും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ഈ പെൺകുട്ടി കൊല്ലം ജുഡീഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേട്ട് കോടതിയിൽ മൊഴി നൽകിയപ്പോൾ ചില സൈനിക ഉദ്യോഗസ്ഥന്മാർ തന്നെ ലൈംഗികമായി പീഡിപ്പിച്ചു എന്ന് പറഞ്ഞിരുന്നു. അതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയില്ല. ആ വഴിക്കുള്ള അന്വേഷണം അവസാനിപ്പിക്കുകയാണ് ചെയ്തത്. ഇതിന്റെയൊക്കെ ഫലമായി യഥാർത്ഥത്തിൽ തെളിവ് നശിപ്പിക്കുവാൻവേണ്ടി മാത്രമാണ് ഈ കുട്ടിയെ കൊല ചെയ്തത്. ഈ കൊലപാതകത്തിനാധാരമായ ആളുകളെ എത്രയും വേഗം കണ്ടുപിടിക്കാനും ഇനി ഇത്തരം സംഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ടാകാതിരിക്കാനും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൊട്ടിയത്ത് 2004 ഏപ്രിൽ മാസത്തിൽ ഷൈനിയെ പീഡിപ്പിക്കപ്പെട്ടത് സംബന്ധിച്ച കേസിൽ ഫലപ്രദമായ അന്വേഷണം നടത്തി 24 പേരിൽ 20 പേരെയും അറസ്റ്റ് ചെയ്തു. നാല് പേർ സ്ഥലത്തില്ല. ആ നാലുപേരെ അറസ്റ്റ് ചെയ്യുന്നതിനുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്. ആ കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകുകയില്ല. ഇങ്ങനെ ഒരു അടിയന്തിര പ്രമേയം കൊണ്ടുവരുന്നതിനുമുമ്പ് ഇതിന്റെ സാഹചര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ അന്വേഷിക്കേണ്ടതായിരുന്നു. പ്രത്യേകിച്ച് ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ. പോലും ഇങ്ങനെ പറഞ്ഞപ്പോൾ ഞാൻ സ്തംഭിച്ചുപോയി. പ്രതിയെ

LIBRARY ARCHIVES Kerala Legislative Assembly

പറ്റിയുള്ള സൂചനകൾ പോലീസിന് കിട്ടുകയും പ്രതിയെ ചോദ്യം ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഷൈനിയുടെ സ്വന്തം സഹോദരൻ ബൈജുവാണ് പ്രതി. ചോദ്യം ചെയ്യൽ നടന്നുകൊണ്ടിരിക്കുന്നു; കുറ്റം സമ്മതിച്ചിട്ടുണ്ട്. കൊലചെയ്യാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇതുപോലുള്ള സംഭവങ്ങൾ ഇനി നാട്ടിൽ ആവർത്തിക്കരുതെന്ന് പറയുന്നതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. എല്ലാ പേരുടേയും കണ്ണ് തുറപ്പിക്കേണ്ട ഒരു സംഭവമാണ്. സ്വന്തം സഹോദരനാണ് ഈ കേസിലെ പ്രതി. പിന്നെ ഷൈനി മരിച്ചതുകൊണ്ട് ഈ കേസിലെ പ്രതികൾ രക്ഷപ്പെടുമെന്ന് പറഞ്ഞത് തെറ്റാണ്. ആ പ്രതികൾക്ക് ഇനി രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമില്ല. കാരണം എല്ലാ പഴുതുകളും അടച്ചാണ് പോലീസ് അന്വേഷണം മുൻപോട്ട് കൊണ്ടു പോയത്. ഷൈനി ജീവിച്ചിരുന്നെങ്കിൽ, ഷൈനിയെ ക്രോസ് ചെയ്യുന്ന സമയത്ത് മൊഴിയിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നിരുന്നെങ്കിൽ പ്രതികൾക്ക് ചിലപ്പോൾ രക്ഷപ്പെടാൻ സാധിക്കുമായിരുന്നു. മജിസ്ട്രേട്ടിന്റെ മുമ്പിൽ ഷൈനി 164-ാം വകുപ്പ് പ്രകാരം സ്റ്റേറ്റുമെന്റ് കൊടുത്തിട്ടുണ്ട്. അതായിരിക്കും ഈ കേസിലെ ഏകവും അവസാനത്തേതുമായ തെളിവ്. ആ സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ പ്രതികൾക്ക് രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമുണ്ടായിരിക്കുകയില്ല. .....,(ബഹളം).....ശ്രീ. അസീസ് ഇവിടെ പറഞ്ഞത് പ്രതികൾ രക്ഷപ്പെടാൻ വേണ്ടി ഷൈനിയെ കൊലപ്പെടുത്തി എന്നാണ്. അതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. പ്രതികൾ രക്ഷപ്പെടുകയല്ല ചെയ്തിട്ടുള്ളത്. 164-ാം വകുപ്പുപ്രകാരം മൊഴി എഴുത്തിട്ടുണ്ട്. ഈ കേസിലെ ഒരു പഴുതും അവശേഷിച്ചിട്ടില്ലാത്ത തരത്തിലാണ് കേസ് അന്വേഷണം മുമ്പോട്ട്കൊണ്ടു പോയിട്ടുള്ളത്. നാല് പ്രതികൾ സ്ഥലത്തില്ലാതിരുന്ന സാഹചര്യത്തിലാണ് ഇവരെ അറസ്റ്റ് ചെയ്യാതിരുന്നത്. അവരെയും അറസ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്. ഏറ്റവും നിർഭാഗ്യകരമായ സംഭവമാണുണ്ടായത്. ഇതിന് ഫലപ്രദമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രത്യേക സാഹചര്യമില്ലെന്ന് ചെയർ കരുതുന്നു. അതുകൊണ്ട് അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

(മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു).

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ കുട്ടിയുടെ സഹോദരനാണ് പ്രധാന കുറ്റവാളിയെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അത് ദൗർഭാഗ്യകരം തന്നെയാണ്. 24 പേർ ഈ സഹോദരന് പുറമേയാണോ? കൊല്ലം ഒന്നാകാൻ പോകുന്നല്ലോ. സൈനിക ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് ആ കുട്ടി പറഞ്ഞതായിട്ടാണ് അറിയാൻ സാധിച്ചത്. ഇപ്പോൾ കൂടുതൽ വിവരങ്ങൾ വന്നിട്ടുണ്ടല്ലോ. ആ സാഹചര്യത്തിൽ ഈ സഹോദരന്മാരായിട്ടുള്ള ആളുകളും ചിലപ്പോൾ പിതാക്കന്മാരായിട്ടുള്ള ആളുകളും ഇത്തരം വൈകൃതങ്ങൾ കാണിക്കുന്ന അതി നീചന്മാരായിട്ടുള്ള ആളുകളും നമ്മുടെ സമൂഹത്തിൽ ഇല്ലെന്ന് ഞാൻ പറയുന്നില്ല. എന്നിരുന്നാലും അതിന്റെ കെയർ ഓഫിൽ മറ്റ്



LIBRARY ARCHIVES Kerala Legislative Assembly

നീചന്മാരായ കുറ്റവാളികൾ രക്ഷപ്പെടുമോ? പിടിക്കപ്പെടാനിരിക്കുന്ന നാല് പേരെ ഒരു കൊല്ലമായിട്ടും പിടിക്കപ്പെട്ടിട്ടില്ല. മറ്റ് കേസുകൾ നോക്കുകയാണെങ്കിൽ ഉപയോഗത്തിനുശേഷം, എൻജോയ് ചെയ്തതിനുശേഷം രാക്ഷസന്മാരെപ്പോലെ കശാപ്പ് ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഇത് സംസ്ഥാനത്ത് അടുത്തകാലത്തുണ്ടായിട്ടുള്ള സംഭവമാണ്. അപ്പോൾ ഇതേക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹോദരൻ, സഹോദരൻ എന്ന് പറയുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടാൻ കഴിയുന്നില്ലല്ലോ. ഇതിനെക്കുറിച്ച് ഇത്രയേ മുഖ്യമന്ത്രിക്ക് പറയുവാനുള്ളൂ. സഹോദരനെ കൂടാതെ അവശേഷിക്കുന്ന ആളുകൾ ഉണ്ടല്ലോ; അതും സഹോദരന്മാരാണോ? അത് മനസ്സിലായില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അറസ്റ്റ് ചെയ്യാനുള്ള നാല് പേരിൽ ഓരാൾ ആട്ടോ ഡ്രൈവർ, രണ്ടാമത്തെ ആൾ കൂലിവേലക്കാരൻ, മൂന്നാമത്തെ ആൾ ഗൾഫിൽ നിന്നും മടങ്ങിവന്ന് മറ്റൊരു തൊഴിലുമില്ലാത്തയാൾ, നാലാമത്തെയാൾ ഒരു കർഷകൻ ഈ നാലുപേരും സ്ഥലത്തില്ല. അവർ സ്ഥലംവിട്ടിരിക്കുകയാണ്. ഇവർ വലിയ സമ്പന്നൻമാരോ സ്വാധീനമുള്ളവരോ അല്ല. അവരെ പിടിക്കാൻ വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്.

# III. ശ്രദ്ധക്ഷണികകൾ

## (1) ഫണ്ട് വെട്ടിക്കുറയ്ക്കുകയും ബിൽ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

ഡോ. തോമസ് ഐസക്: സർ, കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും സ്തംഭനേത്തിലാണ്. കഴിഞ്ഞ രണ്ടുമാസമായി നാമമാത്രമായ വികസന പ്രവർത്തനങ്ങൾ മാത്രമാണ് ഈ സ്ഥാപനങ്ങൾ വഴി നടക്കുന്നത്. ബഹുമാനപ്പെട്ട തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ പ്രതിബദ്ധതയെക്കുറിച്ചൊന്നും എനിക്ക് സംശയമില്ല. പക്ഷേ അദ്ദേഹത്തിന്റെ ഭരണം തുടങ്ങുന്ന വേളയിൽ ഇത്തരത്തിലുള്ള ദുർഗതി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വന്നുചേർന്നത് ഏറ്റവും ദൗർഭാഗ്യകരമാണ്. അവിതർക്കിതമായ ചില കാര്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ ആദ്യത്തേത് പ്രഖ്യാപിക്കുന്ന പണത്തിന്റെ പകുതിയേ നൽകുന്നുള്ളൂ എന്നുള്ളതാണ്. ഇക്കണോമിക് റിവ്യൂവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവാക്കിയിട്ടുള്ള പണത്തിന്റെ കണക്കെടുക്കുകയാണ്. വേറെ കണക്കൊന്നുമല്ല എടുക്കുന്നത്. മൂന്ന് വർഷംകൊണ്ട് 2197 കോടി രൂപയാണ് ചെലവാക്കിയിട്ടുള്ളത്. പക്ഷെ കൊടുത്ത കണക്കുമാത്രം നോക്കിയാൽ പോരാ. കഴിഞ്ഞ ജൂലൈ മാസം തിരിച്ചുപിടിച്ച ആയിരം കോടി രൂപയിൽ 335 കോടി രൂപ തിരിച്ചു നൽകി. ബാക്കി 665 കോടി രൂപ കിഴിച്ചാൽ പ്രതിവർഷം 510 കോടി രൂപയേ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളൂ. ജനകീയാസൂത്രണ കാലത്ത് നൽകിയതിന്റെ പകുതി പണം മാത്രമേ സർക്കാർ ഖജനാവിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളൂ. ഈ നൽകിയ പണം ചെലവാക്കുന്നതിന് നിരവധി പ്രതിബന്ധങ്ങൾ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly